പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4822 05/02/2014-ൽ മറുപടിയ്ക്ക്

# ഹൈടെക് കൃഷി വ്യാപകമാക്കാൻ നടപടി

ചോദ്യം
ശ്രീ. കെ. രാജു

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

എ) സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ള-തെന്ന് വ്യക്തമാക്കുമോ;

എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഹൈടെക് കൃഷി വ്യാപകമാക്കുവാൻ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഹൈടെക് ഫാമിംഗ് പദ്ധതി നടപ്പിലാക്കി വരുന്നു. 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന് ചെലവ് പ്രതീക്ഷിക്കുന്ന 3.74 ലക്ഷം രൂപയുടെ 75% തുകയായ 2,80,500/- രൂപ ധനസഹായമായി നൽകിവരുന്നു. ഇതിൽ 1.87 ലക്ഷം രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 0.935 ലക്ഷം രൂപ സംസ്ഥാന വിഹിതവുമായാണ് നിശ്ചയിച്ചിരിക്കുന്നത്.

2013-14-സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. 160000 ചതുരശ്ര മീറ്ററാണ് ലക്ഷ്യമിടുന്നത്. ഇതിൻ പ്രകാരം 400 മുതൽ 4000 ചതുരശ്ര മീറ്റർ വരെ വിസ്തീർണ്ണമുള്ള പോളിഹൗസ് നിർമ്മിക്കുന്നതിന്, ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.

കൂടാതെ മുൻവർഷത്തിൽ നിന്നും നീക്കിയിരിപ്പുള്ള തുക വിനിയോഗിച്ചുകൊണ്ട് 400 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള 111 (ആകെ 44400

ചതുരശ്ര മീറ്റർ) പോളീഹൗസുകൾ നിർമ്മിക്കുവാനും മാർച്ച് മാസം 31ന് മുമ്പായി പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്ചുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതി സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.

ഇതിനു പുറമേ സംസ്ഥാനത്ത് ഹൈടെക് കൃഷിയുടെ പ്രചരണാർത്ഥം പോളി ഹൗസുകൾ സ്ഥാപിക്കുന്നതിനുള്ള 54 ലക്ഷം രൂപയുടെ ധനസഹായം വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് 2012-13 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്നു. 500 ചതുരശ്ര മീറ്റർ വീതമുള്ള 12 പോളിഹൗസുകളുടെ നിർമ്മാണത്തിനാണ് ഈ തുക വിനിയോഗിച്ചത്. പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്. ബാലരാമപുരം (തിരുവനന്തപുരം), എലവഞ്ചേരി (പാലക്കാട്), ശ്രീകൃഷ്ണപുരം (പാലക്കാട്), ഇഞ്ചക്കാട് (കൊല്ലം), പുഴക്കാട്ടിരി (മലപ്പുറം), കുര്യം (കോട്ടയം), കനകക്കുന്ന് (ഇടുക്കി), കല്പ്പറ്റ (വയനാട്), എടത്തല (എറണാകുളം), മുക്കം (കോഴിക്കോട്), പഴയന്നൂർ (തൃശ്ശൂർ) തുടങ്ങിയ പഞ്ചായത്തുകളിലും വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ ഹെഡ്ക്വാർട്ടേഴ്സിലുമാണ് 12 പോളിഹൗസുകൾ നിർമ്മിക്കുന്നത്. ഇതിൽ 11 പോളിഹൗസുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കൂടാതെ 38 ഏക്കറിൽ പ്രിസിഷൻ കൃഷി നടപ്പിലാക്കിയിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം കൃഷിക്കാണ് പ്രസ്തുത സാങ്കേതികവിദ്യ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | പച്ചക്കറി, പുഷ്പങ്ങൾ തുടങ്ങിയ കൃഷികളാണ് പ്രധാനമായും ഹൈടെക് സാങ്കേതിക വിദ്യ ഉപയോഗിക്കുന്നത്. |
| സി) | ഗ്രീൻ ഹൗസ് നിർമ്മാണവുമായി ബന്ധപ്പെട്ട കർഷകർക്ക് ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക സഹായങ്ങളാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | സി) | ഹൈടെക് ഫാമിംഗ് പ്രോത്സാഹിപ്പിക്കുന്നതിനായി ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 75% തുകയായ 701.25 രൂപ ധനസഹായമായി നൽകുന്നതാണ്. ഇതിൽ 50 ശതമാനം തുകയായ 467.50 രൂപ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ വിഹിതവും 233.75 രൂപ സംസ്ഥാന വിഹിതവുമായാണ് നൽകുന്നത്.<br><br>കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടുകൂടി നടപ്പിലാക്കിയ നാച്യുറലി വെന്റിലേറ്റഡ് ട്യൂബുലാർ സ്ട്രക്ച്ചറിലെ ഹൈടെക് കൃഷി പദ്ധതിയിലും സംസ്ഥാന സർക്കാർ 2012-13-ൽ നടപ്പിലാക്കിയ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും തിരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് പരമാവധി 40 മുതൽ 4000 ചതുരശ്ര മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് ചതുരശ്ര മീറ്ററിന് ചെലവ് പ്രതീക്ഷിക്കുന്ന 935 രൂപയുടെ 50% തുകയായ 467.50 രൂപ ധനസഹായമായി നൽകുന്നു.<br><br>കൂടാതെ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം പോളിഹൗസുകൾ നിർമ്മിക്കുവാൻ സന്നദ്ധരായ ചെറുകിട കർഷകർക്ക് 4.5 ലക്ഷം രൂപ അല്ലെങ്കിൽ മൊത്തം ചെലവിന്റെ 75 ശതമാനം സബ്സിഡിയായി നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ